**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3012** **18-03-2022 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ വട്ടപ്പാറയിൽ 2020-21 സാമ്പത്തിക വർഷം മൈനോറിറ്റി ഫണ്ടിൽ ഉൾപ്പെടുത്തി 2020 ൽ ടെണ്ടർ നടത്തി പ്രവൃത്തി ആരംഭിച്ച മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) | തിരുനാവായ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല ദീർഘിപ്പിച്ച് വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായ വട്ടപ്പാറയിൽ ജല വിതരണം നടത്താനായി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും വട്ടപ്പാറയിൽ മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതിക്കായി 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തി ആരംഭിച്ചിരുന്നു. എന്നാൽ, പ്രസ്തുത പദ്ധതിക്ക് പൈപ്പ് ലൈൻ ഇടുന്നതിനായി ആതവനാട് പഞ്ചായത്തിലൂടെ 400 മീറ്റർ റോഡ് മുറിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുകയെക്കാൾ കൂടിയ തുക പഞ്ചായത്ത് ആവശ്യപ്പെട്ടതിനെത്തുടർന്ന് തിരുനാവായ കുടിവെള്ള പദ്ധതിയിൽ നിന്നും മറ്റൊരു ഭാഗത്തുകൂടി പൈപ്പ് ലൈൻ സ്ഥാപിച്ച് മേൽ പദ്ധതിയിൽ വിഭാവനം ചെയ്ത ഭാഗങ്ങളിൽ പൂർണമായും കുടിവെള്ള വിതരണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നിർത്തി വച്ചിരിക്കുകയാണെന്നും ഫണ്ട് മറ്റൊരു പ്രവൃത്തിയ്ക്കായി വകമാറ്റിയിരിക്കുകയാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ വട്ടപ്പാറയിൽ മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതി 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. മറ്റ് ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ വട്ടപ്പാറയിൽ മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതി 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. മറ്റ് ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ